**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1882** **29-09-2025 - ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ശാരീരികവും മാനസികവുമായ വൈകല്യമുള്ള കിടപ്പുരോഗികളെ പരിചരിക്കുന്ന കുടുംബാംഗങ്ങളോ ബന്ധുക്കളോ ആയവർക്ക് ധനസഹായം നൽകിവരുന്ന പദ്ധതിയായ ആശ്വാസകിരണത്തിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | ആശ്വാസകിരണം പദ്ധതിയിൽ 2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകരിൽ നിന്നും യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നവർക്ക് ധനസഹായം അനുവദിച്ചുവരുന്നു. ആശ്വാസകിരണം പദ്ധതിയുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ആദ്യ ഗഡുവായി ലഭിച്ച പതിനേഴ് കോടി അമ്പതു ലക്ഷം രൂപയിൽനിന്നും ആദ്യ ഘട്ടത്തിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച **21,623** ഗുണഭോക്താക്കൾക്ക് 2025 അഗസ്റ്റ് മാസം വരെയുമുള്ള ധനസഹായം അനുവദിച്ചു നല്കിയിട്ടുണ്ട്. അതിനുശേഷം ലൈഫ് സർട്ടിഫിക്കറ്റ് നല്കിയവർക്ക് കൂടി ധനസഹായം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>2018 മാർച്ച് 31 ന് ശേഷം അപേക്ഷ സമർപ്പിച്ചവരിൽ അർഹരായവരെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള എല്ലാ അപേക്ഷകർക്കും ത്വരിതഗതിയിൽ ധനസഹായം നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ആശ്വാസകിരണം പദ്ധതിയിൽ 2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകരിൽ നിന്നും യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നവർക്ക് ധനസഹായം അനുവദിച്ചുവരുന്നു. ആശ്വാസകിരണം പദ്ധതിയുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ആദ്യ ഗഡുവായി ലഭിച്ച പതിനേഴ് കോടി അമ്പതു ലക്ഷം രൂപയിൽനിന്നും ആദ്യ ഘട്ടത്തിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച **21,623** ഗുണഭോക്താക്കൾക്ക് 2025 അഗസ്റ്റ് മാസം വരെയുമുള്ള ധനസഹായം അനുവദിച്ചു നല്കിയിട്ടുണ്ട്. അതിനുശേഷം ലൈഫ് സർട്ടിഫിക്കറ്റ് നല്കിയവർക്ക് കൂടി ധനസഹായം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | 2018 മാർച്ച് 31 ന് ശേഷം അപേക്ഷ സമർപ്പിച്ചവരിൽ അർഹരായവരെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ